(4) കാസർഗോഡ് ജില്ലയിലെ പയസ്വനി പുഴയുടെ കുറുകെ സുള്ള്യ എന്ന സ്ഥലത്ത് കർണ്ണാടക സർക്കാരിന്റെ തടയണ നിർമ്മാണം

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കാസർഗോഡ് ജില്ലയിലെ പയസ്വനിപ്പുഴയ്ക്ക് കുറുകെ കർണ്ണാടക സർക്കാർ സുള്ള്യ എന്ന സ്ഥലത്ത് ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതു കാരണം കാസർഗോഡ് പ്രദേശത്തെ കാർഷിക മേഖലയ്ക്കും കുടിവെള്ളത്തിനും വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ പ്രസ്തുത മേഖലയിലെ ജനങ്ങൾ വളരെ ആശങ്കയിലാണ്. ആയതുകൊണ്ട് പ്രസ്തുത തടയണ നിർമ്മാണത്തിൽനിന്നും കർണ്ണാടക ഗവൺമെന്റിനെ പിൻതിരിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റുമായിട്ട് ചർച്ച ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കാസർഗോഡ് ജില്ലയിലെ പയസ്വനിപ്പുഴയ്ക്ക് കുറുകെ ബണ്ട് നിർമ്മിച്ച് പുഴയുടെ ഗതിമാറ്റാൻ കർണ്ണാടക സർക്കാർ ശ്രമിക്കുന്നതു സംബന്ധിച്ച പരാതി ലഭിച്ചതനുസരിച്ച് ജനസേചന വകുപ്പിലെ വിജിലൻസ് കോ-ഓർഡിനേറ്ററായ സൂപ്രണ്ടിംഗ് ഇൻവെസ്റ്റിഗേഷൻ ആന്റ് പ്ലാനിംഗ് സർക്കിൾ, തൃശ്ശൂർ, എക്സിക്യൂട്ടീവ് എൻജിനീയർ, വിജിലൻസ് ഓഫീസർ ഓഫ് ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ, കണ്ണൂർ എന്നിവർ പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടുപ്രകാരം പരാതിയിൽ പരാമർശിക്കപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ പ്രസ്തുത സ്ഥലത്ത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ സുള്ള്യ ടൗണിൽ കുടിവെള്ളം നൽകുന്നതിന് അരുവാർ എന്ന ഗ്രാമത്തിൽ ഓടവയൽ എന്ന സ്ഥലത്ത് കഴിഞ്ഞ സീസണിൽ ഒരു താൽക്കാലിക ബണ്ട് കെട്ടിയിരുന്നതായി ബോദ്ധ്യപ്പെട്ടിരുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നതായി അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നുള്ളതാണ് റിപ്പോർട്ട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നടത്തിയ അന്വേഷണത്തിലും മേൽപ്പറഞ്ഞ വസ്തുതകൾ തന്നെയാണ് വെളിപ്പെടുത്തിയിട്ടുള്ളത്. അതുകൂടാതെ മൈനർ ഇറിഗേഷൻ കോഴിക്കോട് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനീയറും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും 20-12-2004-ൽ പ്രസ്തുത സ്ഥലം സന്ദർശിച്ചശേഷം ഇപ്പോൾ അവിടെ യാതൊരു വിധത്തിലുള്ള നിർമ്മാണ പ്രവർത്തനവും നടക്കുന്നില്ല എന്ന് അന്ന് റിപ്പോർട്ട് ചെയ്തിരുന്നതാണ്. ഭാവിയിൽ കർണ്ണാടക സർക്കാർ ഇത്തരത്തിലുള്ള ചെക്ക്ഡാമുകളോ വിയറുകളോ പയസ്വനി നദിയിൽ സുള്ള്യ പ്രദേശത്ത് നിർമ്മിക്കുകയാണെങ്കിൽ അത് കീഴ്തടാക പ്രദേശ അവകാശമെന്ന നിലയിൽ കേരളത്തിലെ കാസർഗോഡ് ജില്ലയിൽ കിട്ടുന്ന വെള്ളത്തിന്റെ അളവ് ഗണ്യമായി കുറയുമെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിനാവശ്യമായ മുൻകരുതലുകൾ ഗവൺമെന്റ് എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly